(ബി) സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ ഓരോ മണ്ഡലത്തിലും പ്രോജക്ട് തയ്യാറാക്കുകയും ആ നിയോജക മണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറിതലം വരെയുള്ള മുഴുവൻ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച രണ്ട് ദിവസത്തെ മാനേജ്മെന്റ് പരിശീലനവും നൽകിവരുന്നു. എം.എൽ.എ.-മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ./എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്.

(സി) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ കൊല്ലം ജില്ലയിൽ നിന്നും ചാത്തന്നൂർ, പത്തനാപുരം എന്നീ അസംബ്ലി നിയോജക മണ്ഡലങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, നിയോജക മണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള സ്കൂൾ പ്രഥമ അദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ പൂർത്തിയാക്കിക്കഴിഞ്ഞു. പത്തനാപുരം അസംബ്ലി നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പ് സംബന്ധിച്ച ആശയ രൂപീകരണം കഴിഞ്ഞ് പ്രോജക്ട് തയ്യാറാക്കിവരുന്നു.

ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾ

114 (1191) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുറ്റുമതിൽ ഇല്ലാത്ത എത്ര സർക്കാർ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത സ്കൂളുകളുടെ പേര് വിവരങ്ങൾ ജില്ല തിരിച്ച് നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly